**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4188** | **09-08-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ സ്കൂളുകളുടെ ഭൗതിക സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്ന പദ്ധതി പ്രകാരം ഇതിനകം എത്ര സ്കൂളുകൾക്ക് സഹായം അനുവദിച്ചുവെന്ന് അറിയിക്കാമോ; | (എ) | പദ്ധതിയിനത്തിൽ നിന്നും 1049 സ്കൂളുകൾക്കും, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ഫണ്ടിൽ നിന്നും 973 സ്കൂളുകൾക്കും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി തുക അനുവദിച്ചിട്ടുണ്ട് |
| (ബി) | എന്തൊക്കെ ഭൗതിക സൗകര്യങ്ങളാണ് പ്രസ്തുത സ്കൂളുകളിൽ ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന തിനായി ഓരോ സ്കൂളിന്റെയും ആവശ്യകതയനുസരിച്ച് ക്ലാസ്സ് മുറികൾ, ലൈബ്രറി, ലാബ്, ആഡിറ്റോറിയം, ടോയലറ്റ് ബ്ലോക്ക്, കിച്ചൺ ബ്ലോക്ക്, ചുറ്റമതിൽ ഇൻഡോർ/ഔട്ട് ഡോർ കളിസ്ഥലം എന്നിവയുടെ നിർമ്മാണത്തിനാണ് ഭരണാനുമതി നൽകുന്നത്. |
| (സി) | പ്രസ്തുത പദ്ധതിക്കായി കിഫ്ബിയിൽ നിന്നും ഇതിനകം എന്തു തുക ലഭിച്ചുവെന്ന് അറിയിക്കുമോ? | (സി) | പൊതുവിദ്യാലയങ്ങൾക്ക് കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾക്കായി 2075.5 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കിഫ്ബിയിൽ നിന്നും ധനാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ